# സർഗ്ഗപ്രകാശം

വി പി എസ് മലങ്കര എച്ച് എസ് എസ്

വെങ്ങാനൂർ

**വായനയിലൂടെ ചിന്ത വികസിപ്പിക്കുകയും, എഴുത്തിലൂടെ ഉദിച്ചുയരുന്ന ചിന്തകളെ പ്രകാശിപ്പിക്കുകയും പഠനത്തിനൊപ്പം സൃഷ്ടിപരമായ കഴിവുകൾ വളർത്താനുള്ള ഒരു വേദിയായി "സ്വർഗ്ഗപ്രകാശം" മാറുകയാണ്.**

**ഈ സംരംഭത്തിന് നേതൃത്വം വഹിക്കുന്നത് വിപിഎസിലെ ലിറ്റിൽ കൈറ്റ്സുകൾ ആണ്**

## താളുകൾ

മഴയുടെ അനുഭവം.................................................3
സ്വപ്നം.................................................................4
കായലിൻ സൗന്ദര്യം............................................5
കേരളം..................................................................6
ക്രിസ്മസ് രാവ്.......................................................7
ലിറ്റിൽ കൈറ്റ്സ് ക്ലാസ്.........................................8
മരുഭൂമി..................................................................9
ഒരു ധനികന്റെ കഥ...........................................10
മൂന്നാർ യാത്ര.....................................................11
എന്റെ കണ്ണൂർ യാത്ര...........................................13
മൗനത്തിൽ വളർന്ന ധൈര്യം...............................14
"നഷ്ടപ്പെട്ട നോട്ട്ബുക്ക്"......................................15
കേൾക്കാത്ത കേൾവി.........................................16
പച്ചപ്പിന്റെ മടിത്തട്ടിലേക്ക്: ഒരു വയനാടൻ യാത്ര…17
പ്രകൃതി...........................................................18
കഠിനാധ്വാനം....................................................19
പ്രകൃതി നമ്മോട് പറയുന്നു...................................21
ഊട്ടി — പ്രകൃതി സുന്ദരിയുടെ രാജ്യം.....................22
ജലം അമൂല്യമാണ്.............................................23
കുഴിപള്ളം ബോട്ടാനിക്കൽ ഗാർഡൻ - എന്റെ യാത്ര
.......................................................................24
നിറങ്ങൾ — ചെറുകഥ........................................25
കാഴ്ചകൾ..........................................................26
സൃഷ്ടി...............................................................27
കിളിയെ.............................................................28
സുന്ദരം..............................................................29
പൂവാർ റിസോർട്ട് - എന്റെ യാത്ര..........................30

## മഴയുടെ അനുഭവം

ഞാൻ ചെറുപ്പത്തിൽ എന്റെ അച്ഛൻ ഗൾഫിൽ ആയിരുന്നു. അപ്പോൾ സ്ക്രൂൾ അവധി ആയിരുന്നു. അന്ന് നല്ല മഴ ആയിരുന്നു. ഞാൻ എന്റെ അമ്മമ്മയുടെ വീട്ടിൽ പോയി.പക്ഷേ,ഞാൻ കണ്ട കാഴ്ച എന്റെ അമ്മമ്മയുടെ വീട് ഇടിഞ്ഞ പൊളിഞ്ഞ് കിടക്കുന്നതയിരുന്നു. അപ്പോൾ എന്റെ അമ്മമ്മയുടെ വീട്ടിന്റെ അടുത്ത് ആണ് എന്റെ അമ്മയുടെ അനിയന്റെ വീട് അവിടെ എന്റെ അനിതയായ ശിവാനിയും പിന്നെ മായ അന്റിയും ഉണ്ട്.അമ്മമ്മയുടെ വീട് പൊളിഞ്ഞതു കൊണ്ട് എന്റെ മായ അന്റിയുടെ വീട്ടിൽലാണ് ത മാസം. അങ്ങനെ ഞാൻ അവിടെ എത്തിയപ്പോൾ എനിക്ക് മഴയോട് ദേശ്യ തോന്നി. അപ്പോൾ വീണ്ടും വീണ്ടും മഴ വന്നു തുടങ്ങി. അപ്പോഴും എന്റെ അപ്പച്ചൻ വീട് പണിയായിരുന്നു. വീട് പണി തീർന്ന കഞ്ഞപ്പോൾ ട്ടും എന്ന പറഞ്ഞ് മഴ വന്നു. എനിക്ക് പോടിയായിരുന്നു. അപ്പോൾ ഞാൻ കരച്ചൽ ആയി പോടിച്ച പോടിച്ച കരഞ്ഞു പോയി. അപ്പോൾ എന്റെ ചേട്ടൻ മഴയാത്ത് കളിക്കുന്നു. എനിക്ക് മനസ്സിലായി മഴ പവാമാണ് ഞാൻ മഴ കട്ടുകടി.അങ്ങനെ ഞാൻ എന്റെ വീട്ടിൽ പോയി.

ഈ ഒർമ്മകൾ ഞാൻ മറക്കില്ല.

Archana D K

## സ്വപ്നം

അമ്മതൻ സ്നേഹത്താലോടലിൽ നിന്ന്
ഞാൻ സ്വപ്നത്തിലേക്ക് വഴുതി വീണു
അവിടെ ഞാൻ കണ്ടു മാനവർ സദാ
ശത്രുക്കളായ് വസിച്ചിടുന്നു
ജാതിയും മതവും വർണ്ണവും വർഗ്ഗവും
ചൊല്ലിയോരോർത്തരും വഴക്കിടുപ്പൂ
അവിടുത്തെ കാഴ്ചകൾ എൻമനമാകെ
കാർമേഘക്കൂടാരമാക്കി മാറ്റി
അവിടുന്ന് നീന്തിത്തുടിച്ച് ഞാൻ
മറ്റൊരു സുന്ദര ലോകമെത്തി
അവിടെ ഞാൻ കണ്ട മാനവർ
സദാ സ്നേഹത്താലെ വസിച്ചീടുന്നു
ആ ദൃശ്യം എൻ മനമാകെയൊരു
കുളിർമയാം മഴ സമ്മാനിപ്പൂ.

ANAMIKA 7C

## കായലിൻ സൗന്ദര്യം

"കായലിൻ തീരത്ത് നിലാവിൽ
മിന്നും നക്ഷത്രം പോലെ
വെള്ളം തഴുകും തീരം ചുംബിക്കും
സ്നേഹം നിറയും എവിടെയും

കാറ്റിൻ സുഗന്ധം നിറയും
പൂക്കൾ വിടർന്ന ചിരിക്കും
മലർക്കൊടികൾ തലോടും
കായലിൻ സൗന്ദര്യം നിറയും

താമരപ്പൂക്കൾ വിടർന്ന നിൽക്കും
കുളിർക്കും വെള്ളം തഴുകും
പക്ഷികൾ പാടും പാട്ടുകൾ
കായലിൻ തീരത്ത് സന്തോഷം

കായലിൻ സൗന്ദര്യം കൺകെ
മനം നിറയും എവിടെയും
സ്നേഹം നിറയും എവിടെയും
കായലിൻ തീരത്ത് സ്നേഹം നിറയും"

Aron Mathew 8C

## കേരളം

---------

**പച്ചപ്പണിഞ്ഞൊരു നല്ലനാട്,**
**കേരളമെന്നൊരു കുഞ്ഞുനാട്,**
**കളകളമൊഴുകുന്ന നദികളുടെ ഉറവിടമാമൊരു  നല്ലനാട്,**
**സുന്ദരമെന്നുടെ കുഞ്ഞുനാട്.**

Hima.D 8A

# ക്രിസ്മസ് രാവ്

മഞ്ഞിൽ കണങ്ങളാൽ നിർവൃതിയുന്നർത്തീടും
മാമരം കോച്ചുന്ന രാവിൻറെ മാറിൽ!
താലോലം പാടിയുണർത്തും തെന്നലിൻ!
കുളിർമയേകി തഴുകി ഉണർത്തുന്ന

'ഡിസംബർ' മാസവും പോയ് മറഞ്ഞു
കാലചക്രത്തിൻ ഗതി ഭയങ്കരമല്ലേ?
വീണ്ടും വൈറസിൻ ശക്തി എത്തിയല്ലോ!
സ്നേഹം പങ്കു വയ്ക്കാൻ കഴിയാത്ത
മനുഷ്യന്റെ ജീവിതം! കഷ്ടമല്ലേ?

പുത്തൻ പുലരി വന്നെത്തിയല്ലോ
പുതുവർഷത്തിൻ പുത്തൻ പ്രതീക്ഷയുമായ്
തെറ്റുകൾ തെല്ലും ഓർത്തിടാതെ
ഭദ്രമായ് സൂക്ഷിച്ച ദൈവത്തിൻ
പാദത്തിൽ ബലിയായ് അർപ്പണം ചെയ്തിടുക.

ക്ഷണികമാം മർത്യ ജീവിതം ധരയിൽ
അഭിനയ രംഗമാണീ ജീവിതം
അതിനുള്ളിൽ പ്രിയ സദാഗതിയായി
'നാഥാ'! നിത്യവും നയിച്ചിടണേ.

Aron.s.j 8F

# ലിറ്റിൽ കൈറ്റ്സ് ക്ലാസ്

അദ്നാനും കൂട്ടുകാരും ലിറ്റിൽ കൈറ്റ്സ് ക്ലാസ്സിൽ എത്തി.കമ്പ്യൂട്ടർ ഓൺ ചെയ്തു അവർ ലിബർ ഓഫീസ് റൈറ്റർ എടുത്തു.ടീച്ചർ കഴിഞ്ഞ ക്ലാസിൽ സ്വരാക്ഷരം പഠിപ്പിച്ചത് അവർ കമ്പ്യൂട്ടർ ടൈപ്പ് ചെയ്തു പഠിക്കുകയായിരുന്നു.അവർ ക്ലാസ് തുടങ്ങും മുമ്പ് തന്നെ അക്ഷരങ്ങൾ വേഗം ടൈപ്പ് ചെയ്യാൻ പഠിച്ചു .ടീച്ചർ ക്ലാസ്സിൽ എത്തി.കഴിഞ്ഞ ക്ലാസ്സിൽ പഠിപ്പിച്ചതിന്റെ ബാക്കി ക്ലാസ് എടുത്തു.ടീച്ചർ പറഞ്ഞു:ഇന്ന് വ്യഞ്ജനാക്ഷരങ്ങൾ പഠിക്കാം.അദ്നാനും സുഹൃത്തുക്കളും അവരുടെ ബുക്കുകൾ എടുത്തു.ടീച്ചർ പറയുന്നതെല്ലാം അവർ എഴുതി എടുത്തു.എല്ലാ അക്ഷരങ്ങളും പറഞ്ഞതിന് ശേഷം ടീച്ചർ ഓരോരുത്തരെയും കൊണ്ട് അക്ഷരങ്ങൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യിപ്പിച്ചു.ആദ്യം അദ്നാനായിരുന്നു ടൈപ്പ് ചെയ്യേണ്ടത്.അദ്നാൻ വേഗം ടൈപ്പ് ചെയ്തു തീർത്തു.അവൻ വേഗത്തിൽ ടൈപ്പ് ചെയ്തത് കൊണ്ട് ടീച്ചർ ടീച്ചറിന്റെ ബാഗിൽ നിന്ന് ഒരു മിട്ടായി അദ്നാനു നൽകി.ബാക്കിയുള്ളവർ എല്ലാം ടൈപ്പ് ചെയ്തു തീർന്നപ്പോഴത്തെക്കും ക്ലാസ് കഴിയാൻ സമയമായിരുന്നു.കുട്ടികളുടെ വീട്ടുകളിൽ നിന്ന് വിളിക്കാൻ രക്ഷകർത്താക്കൾ വന്നതു കൊണ്ട് ടീച്ചർ അന്നത്തെ ക്ലാസ്സ് അവസാനിപ്പിച്ചു

Naajih. A 8F

## മരുഭൂമി.

മരുഭൂമിയിൽ പൊടുന്നനെ  അസ്തമിക്കുമി സൂര്യൻ!  തപ്പിതടഞ്ഞു വാഹനത്തിൻ വെളിച്ചത്തിലോ ഹൈവേയിലോ എത്തും നമ്മൾ. അസ്തമയ രശ്മികളാൽ മണൽപരപ്പിൽ അസംഖ്യം പതാക തീർക്കും സൂര്യൻ തൻ അസ്തമയ രശ്മികളാൽ. അസ്തമയത്തിൻ  കുറച്ചു മുമ്പു തൻ മണൽ കുന്നിൽ പിറക്കുന്ന നിഴലുതൻ വീഥിയും വേഗവും കൂട്ടും. ഒട്ടകക്കൂട്ടങ്ങളും ആട്ടിൻ കൂട്ടങ്ങളും, അവയെ തെളിച്ചു പോകുന്നവർ നിഴലായി മാറുന്ന മണ്ണിൽ; ഇത്തരം കാഴ്ച്ച ഓർമപെടുത്തുമീ മനുഷ്യൻ കടന്നു വന്ന പല വഴികളെ ഒക്കെയും.

Angelina Jayan 8B

## ഒരു ധനികന്റെ കഥ

ഒരിക്കൽ ഒരു വലിയ നഗരത്തിൽ ജിമ്മി എന്നൊരു വ്യവസായി ഉണ്ടായിരുന്നു ആ നഗരത്തിലെ ഏറ്റവും വിലപിടിപ്പുള്ള വീട്ടിൽ ആയിരുന്നു അദ്ദേഹം താമസിച്ചിരുന്നത് വില കൂടിയ കാറുകളും ആഡംബരങ്ങളും അദ്ദേഹത്തിൻ സ്വന്തമായി ഉണ്ടായിരുന്നു പക്ഷെ ജിമ്മിയുടെ പ്രത്യേകത അതൊന്നുമായിരുന്നില്ല അദ്ദേഹത്തിന്റെ വിനയമായിരുന്നു

ഒരു ദിവസം തന്റെ ബിസിനസ് ആവശ്യങ്ങൾക്കായി അദ്ദേഹം ഒരു ചെറിയ ഗ്രാമത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു പെട്ടെന്ന് ടയർ പഞ്ചർ ആയി ഡ്രൈവർ ടയർ മാറ്റുന്ന സമയം ജിമ്മി അടുത്തുള്ള ഒരു ചെറിയ വീട്ടിന്റെ തിണ്ണയിൽ പോയിരിന്നു

അവിടെ ഒരു വൃദ്ധനും അദ്ദേഹത്തിന്റെ കൊച്ചു മകനും ലളിതമായ ഭക്ഷണം കഴിക്കുകയായിരുന്നു ജിമ്മിയെ കണ്ടപ്പോൾ അവർ സ്നേഹത്തോടെ അദ്ദേഹത്തെ അകത്തേക്ക് ക്ഷണിച്ചു തങ്ങളുടെ കയ്യിലുള്ള കഞ്ഞിയുടെ ഒരു പങ്ക് അവർ ജിമ്മിക്ക് നൽകി ജിമ്മി അത് സന്തോഷത്തോടെ സ്വീകരിച്ചു

സംസാരത്തിനിടയിൽ ജിമ്മി അവരോടു ചോദിച്ചു നിങ്ങൾക്ക് ജീവിതത്തിൽ വലിയ ആഗ്രഹങ്ങളൊന്നുമില്ലെ? ഈ ചെറിയ വീട്ടിൽ കഴിയുന്നത് ബുദ്ധിമുട്ടില്ലേ?
ആ വൃദ്ധൻ ചിരിച്ചു കൊണ്ട് പറഞ്ഞു:
"സർ, സന്തോഷം എന്നത് നമ്മൾ എത്ര നേടുന്നു എന്നതിലല്ല മറിച്ച് നമ്മുടെ കയ്യിലുള്ളത് മറ്റുള്ളവർക്ക് എത്ര മാത്രം ഉപകരിന്നു എന്നതിലാണ് ഞങ്ങൾക്ക് വലിയ സമ്പത്തില്ല പക്ഷെ സമാധാനമുണ്ട്."
ഈ വാക്കുകൾ ജിമ്മിയുടെ ചിന്തകളെ മാറ്റി മറിച്ചു നഗരത്തിൽ തിരിച്ചെത്തിയ ജിമ്മി തന്റെ ജീവിതത്തിൽ ഒരു മാറ്റം വരുത്തി. തന്റെ ലാഭത്തിലെ പകുതി ഭാഗം മാറ്റി വെച്ച് നഗരത്തിൽ വലിയ ആശുപത്രികളും പാവപ്പെട്ട കുട്ടികൾക്കായി സ്കൂളുകളും നിർമ്മിച്ചു
വർഷങ്ങൾ കടന്നു പോയി ജിമ്മി മുമ്പുള്ള തി നേക്കാൾ വലിയ ധനികനായി പക്ഷെ ഇപ്പോൾ ആളുകൾ അദേഹത്തെ കാണുന്നത് അദ്ദേഹത്തിന്റെ പണത്തിന്റെ പേരിലല്ല മറിച്ച് അദ്ദേഹം നൽകിയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പേരിലാണ്

ഈ കഥയുടെ ഗുണ പാഠം യഥാർത്ഥ ധനികൻ എന്നാൽ ബാങ്ക് അകൗണ്ടിൽ കൂടുതൽ പണമുള്ള വനല്ല മറിച്ച് മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ കഴിയുന്ന വലിയ മനസ്സുള്ള വനാണ്

UMARUL FAROOK 7D

# മൂന്നാർ യാത്ര

ഞാൻ കഴിഞ്ഞ വെക്കേഷൻ കാലത്ത് മൂന്നാർ എന്ന സ്ഥലത്ത് ടൂർ പോയി. വളരെ മനോഹരമായ അനുഭവങ്ങളാണ് എനിക്ക് ലഭിച്ചത്. മൂന്നാറിൽ ഭയങ്കര തണുപ്പായിരുന്നു. പത്താം ക്ലാസിലെ അവസാന യാത്രയായതിനാൽ തന്നെ ഞാൻ വളരെയധികം ആഘോഷിച്ചു ഇവിടെ നിന്ന് ഞങ്ങൾ രാത്രി 9 മണിക്കാണ് ടൂർ സ്റ്റാർട്ട് ചെയ്തത് രാത്രി ബസ്സിനുള്ളിൽ ഭയങ്കര ഡിജെ പാർട്ടി ഉണ്ടായിരുന്നു. കൂടെയുണ്ടായിരുന്ന കൂട്ടുകാർ എല്ലാവരും എന്നോടൊപ്പം ഡാൻസ് കളിച്ചു. മൂന്നാറിൽ 9 ഡിഗ്രി സെൽഷ്യസ് ആയിരുന്നു തണുപ്പ്. ഞങ്ങൾ അവിടെ നിന്നും ജീപ്പിൽ ട്രക്കിങ്ങിനു പോയി. ഭയങ്കര അഡ്വഞ്ചർ ആയിട്ടുള്ള യാത്രയായിരുന്നു അത് എനിക്കു മറക്കാൻ പറ്റാത്ത പേടിപ്പെടുത്തുന്ന ഓർമ്മയായിരുന്നു എനിക്ക് നൽകിയത്. ട്രക്കിംഗ് കഴിഞ്ഞതിനുശേഷം ഞങ്ങൾ അടുത്ത സ്ഥലത്തേക്ക് യാത്ര ചെയ്തു. അടുത്ത യാത്ര സ്ഥലം സിൽവർ സ്റ്റോം തൃശ്ശൂരിൽ ആയിരുന്നു. സിൽവർ സ്റ്റോമിന്റെ പ്രത്യേകത എന്തെന്ന് ചോദിച്ചാൽ അവിടെ ആർട്ടിഫിഷ്യൽ ആയ മഞ്ഞ് കൊണ്ട് നമുക്ക് കളിച്ചു രസിക്കാം. ക്രിസ്മസ് ആയതു കൊണ്ട് തന്നെ ആ സിൽവർ സ്റ്റോമിൽ ഒരുപാട് ക്രിസ്മസ് അപ്പൂപ്പൻ മാരെ ഞങ്ങൾ പരിചയപ്പെട്ടു അവർ ക്രിസ്മസ് ആയതുകൊണ്ട് തന്നെ അവരുടെ കൂടെ ഡാൻസ് കളിച്ചതിന്റെ പേരിൽ നമുക്ക് ഓരോ മുട്ടായി വീതം സമ്മാനമായി നൽകി. സിൽവർ സ്റ്റോമിൽ തന്നെയായിരുന്നു നമ്മളുടെ ഒരു ദിവസം മുഴുവൻ ചിലവഴിച്ചത്. അതിനുശേഷം സിൽവർ സ്റ്റോമിലെ വാട്ടർ പാർക്കിൽ നമ്മൾ കളിച്ചു മറിഞ്ഞു. എല്ലാം കഴിഞ്ഞ് അവിടെനിന്നും വസ്ത്രങ്ങൾ മാറ്റിയതിനുശേഷം ഞങ്ങൾ നേരെ അടുത്ത സ്ഥലത്തേക്ക് യാത്ര ചെയ്തു. നമ്മുടെ ടൂർ മൊത്തം മൂന്നുദിവസം അവശേഷിക്കുന്നത് ആയിരുന്നു. അടുത്ത സ്ഥലം അതിരപ്പള്ളി വെള്ളച്ചാട്ടത്തിൽ. വളരെ മനോഹരമായ വെള്ളച്ചാട്ടം ഞങ്ങൾക്ക് അവിടെ നിന്നും കാണാൻ സാധിച്ചു. മനസ്സ് കുളിരുന്നത് പോലെയുള്ള ഒരുപാട് മനോഹരമായ അനുഭവങ്ങൾ ഞങ്ങൾക്ക് അവിടെ നിന്നും കിട്ടി. ഞാനും എന്റെ കൂട്ടുകാരും അവിടെനിന്നും ദിൽകെ അന്തർ ഫാത്തിമ പാടിയപ്പോൾ അവിടെയുള്ള എല്ലാവരുടെയും ശ്രദ്ധ ഞങ്ങൾ ആകർഷിച്ചു. അവിടെയുള്ളവർ എല്ലാവരും ഞങ്ങളുടെ കൂടെ പാടാനും ആടാനും തുടങ്ങി അങ്ങനെ ഞങ്ങൾ അവിടെ ഒരു ഓളം സൃഷ്ടിച്ചു. വളരെ മനോഹരമായ തണുപ്പായിട്ടുള്ള കൊച്ചു കൊച്ചു തുള്ളികളായ വെള്ളം ഞങ്ങളുടെ കൈകളിലേക്ക് വീഴുമ്പോൾ കിട്ടുന്ന കുളിർമ അത് നേരിട്ട് തന്നെ ആസ്വദിക്കേണ്ട ഒന്നാണ്. ഈ യാത്രയിൽ ഞങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് സിൽവർ സ്റ്റോമും അതോടൊപ്പം അതിരപ്പള്ളി വെള്ളച്ചാട്ടത്തിലെ ഞങ്ങളും ഞങ്ങളുടെ കൂട്ടുകാരുടെയും പാട്ടുപാടലും ആടലും ഒക്കെയായിരുന്നു. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിൽ കളിച്ച് മറഞ്ഞതിനുശേഷം ഞങ്ങൾ തിരിച്ചു കയറുന്ന വഴിക്ക് എന്റെ സുഹൃത്ത് നൗഫലിനെ കുരങ്ങൻ ഓടിച്ചു. ആ ഒരു കാര്യം പറഞ്ഞ് ഞങ്ങൾ ആ ദിവസം മുഴുവൻ വളരെയധികം രസകരമായി തള്ളിനീക്കി. വളരെ മനോഹരമായ ഓർമ്മകളാണ് എനിക്ക് ഈ ടൂറിലൂടെ ലഭിച്ചത്. കാരണം അത്രയ്ക്കും ഉരസകരമായിരുന്ന ഒരു യാത്രയായിരുന്നു ഞങ്ങളുടെ ഈ ഒരു യാത്ര. അതുകഴിഞ്ഞ് ഞങ്ങളുടെ ട്യൂഷൻ പ്രിൻസിപ്പൽ ആയ സുനിൽകുമാർ സാർ ഞങ്ങൾക്ക് അൽഫാം വാങ്ങിത്തന്നു. ഞങ്ങൾ എല്ലാവരും അത് ആസ്വദിച്ച് കഴിക്കുകയും ചെയ്തു. കഴിച്ച് കഴിഞ്ഞതിനുശേഷം ഞാനും എന്റെ കൂട്ടുകാരും ഞങ്ങളുടെ റസ്റ്റോറന്റിന്റെ തൊട്ട് ഇപ്പുറത്തുള്ള ഒരു ചെറുകടയായ സൈൻലബാനിൽ കയറി ഒരു റൂഹ് ഹായത്തി വാങ്ങി. അത് ഏറ്റവും മനോഹരവും വളരെ സ്വാദുള്ള ഒരു കൂനാഫെ ആയിരുന്നു. ഞാനും എന്റെ സുഹൃത്തുക്കളും അത് നല്ല രീതിയിൽ ആസ്വദിച്ച് കഴിച്ചു. അതിനുശേഷം ഞങ്ങൾ ബസ്സിൽ കയറി ഞങ്ങളുടെ വീട്ടിലേക്ക് തിരിച്ചു മടങ്ങി. തിരിച്ചു മടങ്ങുമ്പോൾ ഞങ്ങൾ ഡിജെ പാർട്ടിയിൽ വളരെയധികം ആകർഷകമായിരുന്നു. ഞങ്ങളോടൊപ്പം ഞങ്ങളുടെ അധ്യാപകരും കൂടെ ഡാൻസ് കളിച്ചു. ഒരിക്കലും മറക്കാൻ പറ്റാത്ത ഓർമ്മകളാണ് എനിക്ക് ഈ യാത്ര സമ്മാനിച്ചത്.

നമ്മൾ അവിടെ കയറുമ്പോൾ തന്നെ ബിൽ ചെയ്യാനുള്ള സ്ഥലമാണ് കാണുന്നത്. നമ്മളുടെ ബിൽ ചെയ്ത് യാത്ര തുടർന്നു. ഏകദേശം അരമണിക്കൂർ ആയപ്പോൾ നമ്മൾ മലയുടെ മുകളിലെത്തി അവിടെ നമ്മൾ കാർ പാർക്ക് ചെയ്ത് ഇറങ്ങി പിന്നെ അച്ഛന്റെ കൂട്ടുകാരനായി അവിടെ വെയിറ്റ് ചെയ്തു. അങ്ങനെ നമുക്ക് പിന്നീട് നടക്കേണ്ടതായി വന്നു. നമ്മൾ അങ്ങനെ നടന്നു. അങ്ങനെ നടന്നു മലയുടെ ഏറ്റവും മുകളിലായി എത്തിയ ആദ്യം കാണുന്നത് കുറെ മലകളാണ്. അതിന്റെ നേരെ താഴേക്ക് നോക്കുമ്പോൾ തേയിലത്തോട്ടം കാണാം. അത് ഉള്ള ആഴത്തിലാണ് വളർത്തിയിട്ടുള്ളത്. അപ്പോൾ ഒരു സമയം നമ്മൾ ആലോചിച്ചു ഇവർ എങ്ങനെയാണ് ഇവിടെ കൃഷി. മലയുടെ ഏറ്റവും മുകളിൽ ആയതുകൊണ്ട് നമുക്ക് കുറേശ്ശെ തണുപ്പ് തോന്നുകയാണ് ചെയ്തത്. നമ്മൾ അവിടെ കുറച്ച് ഫോട്ടോകൾ എടുത്തു. കുറച്ചുകഴിഞ്ഞ് സെക്യൂരിറ്റി എല്ലാവരോടും തിരികെ പോകാൻ പറഞ്ഞു. കാരണം അഞ്ചു മണിക്ക് ശേഷം അവിടെ നല്ല മൂടൽ  നമുക്ക് കാർ ഓടിക്കാൻ അവിടെ സാധിക്കുന്ന
മൂടൽമഞ്ഞ് തുടരുന്നു അതിനാൽ കാറോടിക്കാൻ നമുക്ക് സാധിക്കില്ല. അങ്ങനെ യാത്ര തുടങ്ങി ഒരു കയിലോട്ട് കേറി ചായ കുടിച്ചു. പിന്നീട് നമ്മൾ അവിടുന്ന് അച്ഛന്റെ കൂട്ടുകാരന്റെ ഒപ്പം യാത്ര മടങ്ങി കുറച്ചു ദൂരം കഴിഞ്ഞപ്പോൾ നമ്മൾ പിരിഞ്ഞു പിന്നീട് നമ്മൾ വീട്ടിലേക്കാണ് പോകുന്നത്. എന്റെ ജീവിതത്തിലെ സ്ഥലമാണ് എല്ലാവരും അവിടെ സന്ദർശിക്കണം എന്നാണ് എന്റെ അഭിപ്രായം.

MUHAMMED YASEEN 9E

# എന്റെ കണ്ണൂർ യാത്ര

*******

**ഞാൻ അടുത്തിടെ കേരളത്തിലെ മനോഹരമായ ഒരു തീരദേശ നഗരമായ കണ്ണൂർ സന്ദർശിച്ചു. യാത്ര ഏറെ സുഖകരമായതും പച്ചപ്പുകൊണ്ട് സമൃദ്ധമായതുമായിരുന്നു. ഞാൻ സെന്റ് ആഞ്ചലോ കോട്ട സന്ദർശിക്കുകയും അറബിക്കടലിന്റെ മനോഹരമായ കാഴ്ച ആസ്വദിക്കുകയും ചെയ്തു. മുഴപ്പിലങ്ങാട് ബീച്ച് മറ്റൊരു പ്രധാന ആകർഷണമായിരുന്നു; അവിടെ ഞാൻ കടൽത്തീരത്ത് വിശ്രമിച്ചു. കണ്ണൂരിലെ പ്രശസ്തമായ തെയ്യം കലാരൂപത്തെക്കുറിച്ചും ഞാൻ അറിഞ്ഞു. പ്രാദേശിക ഭക്ഷണം രുചികരമായിരുന്നു, ആളുകൾ സൗഹൃദപരരുമായിരുന്നു. ഈ യാത്ര മറക്കാനാവാത്ത അനുഭവമായി മാറി, കണ്ണൂരിനെ ഞാൻ കൂടുതൽ സ്നേഹിക്കാൻ ഇടയായി.**

അക്ഷയ്. S 8B

## മൗനത്തിൽ വളർന്ന ധൈര്യം

ഞാൻ തിരഞ്ഞത് വെളിച്ചമല്ല,
ഇരുട്ടിൽ തെളിയുന്ന ധൈര്യമാണ്
പറയാത്ത വാക്കുകൾ
എന്നെ ദിവസവും വളർത്തി.
വേദനകൾ എന്നെ
മൗനത്തിൽ ശക്തനാക്കി.
സ്വപ്നങ്ങൾ ചെറുതാണെങ്കിലും
വിശ്വാസം വലുതാണ്.
ആരും കൈ പിടിക്കാതിരുന്നാലും
ഞാൻ തന്നെ എന്റെ വഴി

NAFYA 8A

## "നഷ്ടപ്പെട്ട നോട്ട്ബുക്ക്"

റിയ തന്റെ മുത്തശ്ശിയുടെ അട്ടികയിൽ ഒരു പഴയ നോട്ട്ബുക്ക് കണ്ടെത്തി. അത് വർഷങ്ങൾക്ക് മുമ്പ് മരിച്ചുപോയ അമ്മയുടെതായിരുന്നു. പേജുകളിൽ ഒരു രഹസ്യ തോട്ടത്തിന്റെ സ്കെച്ചുകളും നിഗൂഢ സന്ദേശങ്ങളും ഉണ്ടായിരുന്നു.

റിയയ്ക്ക് കൗതുകം തോന്നി. അവൾ നോട്ട്ബുക്കിലെ സൂചനകൾ പിന്തുടർന്നു - അവളുടെ വീടിന്റെ പിന്നിലെ ഒരു മറഞ്ഞ തോട്ടത്തിലേക്ക് നയിച്ചു. അവിടെ, അമ്മയുടെ ആദ്യക്ഷരങ്ങൾ കൊത്തിയ ഒരു മരം അവൾ കണ്ടെത്തി.

നോട്ട്ബുക്കിലെ ഒരു കത്ത് ഒരു അത്ഭുതം വെളിപ്പെടുത്തി: അമ്മ റിയയ്ക്കായി ഒരു നിധി അവശേഷിപ്പിച്ചിരുന്നു. അത് കണ്ടെത്താൻ, തീരത്തുള്ള പഴയ ലൈറ്റ്ഹൗസിൽ (അവളുടെ പൂർവ്വികർ ഒരു വിദൂരദേശത്ത് നിന്ന് എത്തിയ സ്ഥലം) പോകണം.

റിയ ലൈറ്റ്ഹൗസിൽ പോയി. ഒരു നാവികനായിരുന്ന മുതുമുത്തച്ഛന്റെ ഒരു പഴയ ഡയറി അവിടെ ഉണ്ടായിരുന്നു: അവരുടെ കുടുംബം ഒരു മാന്ത്രിക ക്രിസ്റ്റൽ വിദേശത്ത് നിന്ന് കൊണ്ടുവന്നിരുന്നു, സുരക്ഷിതമായി സൂക്ഷിക്കാൻ.

ക്രിസ്റ്റൽ മരത്തിന്റെ അടിയിൽ മറച്ചിരുന്നു. റിയ അത് കുഴിച്ചെടുത്തു - അത് തിളങ്ങി, ഒരു ആഗ്രഹം നേടാനുള്ള ശക്തി നൽകി. റിയ തൊടുന്ന ആരെയും സുഖപ്പെടുത്താനുള്ള ശക്തി ആഗ്രഹിച്ചു.

വിദേശത്ത് നിന്ന് എത്തിയ അവളുടെ കുടുംബം അത്ഭുതപ്പെട്ടു. റിയ തന്റെ പുതിയ ശക്തി ഉപയോഗിച്ച് നഗരത്തിലെ ആളുകളെ സഹായിച്ചു. അവൾ "ഹീലർ ഓഫ് ഹോപ്പ്" ആയി അറിയപ്പെട്ടു.

SHYAM D 7A

# കേൾക്കാത്ത കേൾവി

അകലെയാരോ പാടും പാട്ടിൽ ഈണം ഞാൻ കേട്ടു,
മനസ്സിൽ നിറയെ സ്വരങ്ങളായി ഞാൻ കാത്തു,
ചിലപ്പോൾ ദുഃഖം ചിലപ്പോൾ സന്തോഷം എല്ലാം കേട്ട് നിശബ്ദമായി.
ആ നിശബ്ദതയിൽ ഞാൻ ഉറച്ചുപോയി,
ഞാൻ മിടിച്ചു പോയി അതിൽ ഞാൻ നിലച്ചുപോയി.

കുമാരി നിമിഷ 7A

# പച്ചപ്പിന്റെ മടിത്തട്ടിലേക്ക്: ഒരു വയനാടൻ യാത്ര

അതിരാവിലെ മൂടൽമഞ്ഞിനെ കീറിമുറിച്ചുകൊണ്ട് വണ്ടി താമരശ്ശേരി ചുരം കയറിത്തുടങ്ങി. ഓരോ വളവ് പിന്നിടുമ്പോഴും താഴെ താഴ്വരയിൽ തെളിയുന്ന കാഴ്ചകൾവാക്കുകൾക്ക് അതീതമായിരുന്നു. ഒൻപതാമത്തെ ഹെയർപിൻ ബെൻഡ് എത്തുമ്പോഴേക്കും തണുപ്പ് അസ്ഥികൾക്കിടയിലേക്ക് അരിച്ചിറങ്ങാൻ തുടങ്ങിയിരുന്നു.

പ്രധാന കാഴ്ചകൾ

ലക്കിടിയിലെ കാറ്റ്: ചുരം കയറി മുകളിലെത്തുമ്പോൾ ലക്കിടി നമ്മെ സ്വീകരിക്കുന്നത് തണുത്ത കാറ്റും കോടമഞ്ഞും കൊണ്ടാണ്. വയനാടിന്റെ പ്രവേശന കവാടമെന്ന് ഇതിനെ വിളിക്കുന്നത് എത്ര ശരിയാണെന്ന് അപ്പോൾ തോന്നിപ്പോകും.
പൂക്കോട് തടാകം: നീലജലാശയത്തിന് ചുറ്റുമുള്ള നടത്തം മനസ്സിന് നൽകുന്ന ശാന്തത ഒന്ന് വേറെത്തന്നെയാണ്. തടാകത്തിലെ താമരപ്പൂക്കളും ചുറ്റുമുള്ള മരങ്ങളും ഒരു ചിത്രകാരൻ വരച്ച ചിത്രം പോലെ തോന്നിപ്പിച്ചു.
ബാണാസുര സാഗർ ഡാം: ഏഷ്യയിലെ തന്നെ ഏറ്റവും വലിയ മണ്ണുകൊണ്ടുള്ള അണക്കെട്ടുകളിൽ ഒന്ന്. അവിടെയുള്ള സ്പീഡ് ബോട്ട് യാത്ര നൽകുന്ന ആവേശം മറക്കാനാവില്ല.
അനുഭവം
നഗരത്തിലെ തിരക്കുകളിൽ നിന്നും പുകയിൽ നിന്നും മാറി പ്രകൃതിയുടെ ഈ പച്ചപ്പിലേക്ക് എത്തുമ്പോൾ ലഭിക്കുന്ന ഒരു പുത്തൻ ഉന്മേഷമുണ്ട്. കാപ്പിത്തോട്ടങ്ങളുടെയും തേയിലത്തോട്ടങ്ങളുടെയും ഗന്ധം വായുവിൽ നിറഞ്ഞുനിൽക്കുന്നു. വൈകുന്നേരം വയനാടൻ കാപ്പി കുടിച്ചുകൊണ്ട് മലനിരകളിലെ സൂര്യാസ്തമയം നോക്കി ഇരിക്കുന്നത് ഈ യാത്രയിലെ ഏറ്റവും മനോഹരമായ നിമിഷമായിരുന്നു.
തിരികെ പോരുമ്പോൾ കൂടെക്കൂട്ടിയത് കുറച്ച് ഓർമ്മകളും, വീണ്ടും വരാമെന്ന നിശബ്ദമായ ഒരു വാഗ്ദാനവും മാത്രമായിരുന്നു.

CLEEMIS 9H

# പ്രകൃതി

പുലരിയുടെ പുഞ്ചിരിയുമായി
സൂര്യൻ വരവേൽക്കും ഭൂമിയെ,
മഞ്ഞുതുള്ളികൾ മുത്തുപോലെ
പുല്ലിൻ മുനയിൽ തെളിയും നേരം.

പക്ഷികളുടെ മധുരഗാനം
ആകാശം നിറച്ചു പറക്കും,
മരച്ചില്ലകളിലൂടെയൊഴുകി
കാറ്റ് കഥകൾ പറഞ്ഞുതരും.

പച്ചപ്പിന്റെ ശ്വാസം നിറഞ്ഞ
പ്രകൃതി അമ്മയുടെ മടിയിൽ,
ശാന്തിയും സന്തോഷവും ചേർന്ന്
ജീവിതം പുഷ്പിക്കും നിമിഷം.

നമ്മൾ കാക്കണം ഈ സൗന്ദര്യം,
നാളെയ്ക്കൊരു നന്മയായി,
പ്രകൃതിയോടുള്ള സ്നേഹമാണ്
മനുഷ്യന്റെ യഥാർത്ഥ വിജയം.

ഗൗരി പ്രസാദ്
൯G

# കഠിനാധ്വാനം

അനു നന്നായി പഠിക്കുന്ന കുട്ടിയാണ് അവളുടെ വീട് മലയോര മേഖലയിലെ ഒരു വനത്തിൽ ആണ് അവളുടെ അച്ഛൻ കാട്ടിൽ നിന്ന് വിറക് എടുത്തു ടൗണിൽ കൊണ്ട് പോയി വിൽക്കും.അതിൽ നിന്നും ലഭിക്കുന്ന തുച്ഛമായ പണം കൊണ്ടാണ് അവർ ജീവിതം മുന്നോട്ട് നയിക്കുന്നത്. ഒരു ദിവസം കാട്ടിൽ വിറകു ശേഖരിച്ചു കൊണ്ട് ഇരിക്കെ അനുവിന്റെ അമ്മയുടെ കൈയിൽ നിന്ന് ഒരു കെട്ട് വിറകു താഴേക്ക് വീണു അത് അടുക്കാൻ അമ്മ പോയി. ഇത് അറിയാതെ അനുവിന്റെ അച്ഛൻ അമ്മയെ കാട്ടിൽ തനിച്ചാക്കി നടന്നു നീങ്ങി. കുറച്ചു ദൂരം നടന്നപ്പോൾ അദ്ദേഹം തിരിഞ്ഞു നോക്കി തന്റെ ഭാര്യയെ തന്റെറെ ഭാര്യയെ കാണാൻ ഇല്ല അങ്ങനെ വേഗത്തിൽ അദ്ദേഹം തിരിച്ചുനടന്നു പക്ഷേ അദ്ദേഹത്തിന് ലഭിച്ചത് തന്റെ ഭാര്യയുടെ ചോരയിൽ പുരണ്ട കൈകൾ മാത്രമായിരുന്നു അങ്ങനെ അദ്ദേഹത്തിന്റെ ജീവിതം കുറ്റബോത്തതാൽ നിറഞ്ഞു . അദ്ദേഹം പിന്നീട് ആരുടേയും അടുത്ത് സംസാരിക്കാതെ ആയി .

വിഷമം സഹിക്കാതെ മദ്യത്തെ ഒരു ആശ്വാസമാകാൻ തുടങ്ങി.

ഒരു ദിവസം തന്റെ ഭാര്യയുടെ വസ്ത്രം മധ്യത്തിനായി പണം എടുക്കുന്നതിന് ഇടയിൽ താഴെ വീണു അപ്പോൾഭാര്യയുടെ ഓർമ്മ വന്നു അവളുടെ അക്രഹമായ മകളെ പഠിപ്പിച്ചു വലിയ ഉദ്യോഗസ്ഥൻ ആകാൻ ഉള്ള സ്വപ്പ്നം ഓർമ്മ വന്നു അങ്ങനെ അച്ഛൻ അനുവിനെ. നല്ല വിദ്യാദ്യാസം നൽകാനുള്ള കഠിനാധ്വാനം തുടങ്ങി.

* 10 വർഷം കഴിഞ്ഞു***

അനു നാട്ടിലേ കലക്ടർ ആയി മാറി

shifan sha 7C

# പൂവാർ റിസോർട്ട് - എന്റെ യാത്ര

കിഴക്കൻ കേരളത്തിലെ മനോഹരമായ തീരദേശ ഗ്രാമമായ പൂവാറിലേക്ക് ഒരു സുഖദായക യാത്രയ്ക്കായി ഞാൻ **недавно** പുറപ്പെട്ടു. നീലക്കടലും പച്ചക്കാടുകളും ചേർന്ന് സ്വപ്നമായ അനുഭവം സമ്മാനിക്കുന്ന ഈ സ്ഥലത്ത് വിശ്രമിക്കാനായി 'പൂവാർ റിസോർട്ട്' എന്ന മനോഹരമായ റെസോർട്ട് ഞാൻ തിരഞ്ഞെടുത്തു.
റിസോർട്ടിലെ പ്രവേശനം തന്നെ വളരെ മനോഹരമായ അനുഭവമായി. പച്ചമഞ്ഞൾ നിറഞ്ഞ ആകാശം, കൊടുംചൂട് ഇല്ലാത്ത ശാന്തമായ കാലാവസ്ഥ, കടലിന്റെ മിഴിമറച്ചു തീരവും എല്ലാം മനസിനെ കൊതിപ്പിക്കുകയായിരുന്നു. റിസോർട്ട് കാട്ടുതോട്ടങ്ങളും, പൂന്തോട്ടങ്ങളും, കൊച്ചുകുളങ്ങളുമടങ്ങിയ ഒരു പ്രകൃതി സങ്കേതമാണ്.
രാത്രിയ്ക്ക് മഴയുടൻ കൂടിയ ചൂട് കുറഞ്ഞ ശാന്തമായ കാലാവസ്ഥയിൽ കടൽ കുളവും, മരങ്ങൾക്കിടയിലൂടെ സഞ്ചാരവും വളരെ ആസ്വദനീയമായിരുന്നു. പകൽ സമയം പൂവാർ തടാകത്തിനുള്ള ബോട്ട് യാത്ര ഒരുപാട് മനോഹരമായിരുന്നു. നീല കടൽ, പച്ച നിറമുള്ള തോട്ടങ്ങൾ, പറക്കുന്ന പക്ഷികൾ – എല്ലാം കണ്ടപ്പോൾ പ്രകൃതിയുടെ സൗന്ദര്യം കണ്ണുകളിൽ ഉരുണ്ടു.
റിസോർട്ടിലെ ഭക്ഷണം പ്രദേശത്തെ നാടൻ വിഭവങ്ങളാൽ സമ്പന്നമായിരുന്നു. തിളച്ച അപ്പം, കടലാ കറി, മീൻ വറുത്ത് തുടങ്ങിയ വിഭവങ്ങൾ രുചികരമായി. സുഖകരമായ താമസം, സൗഹൃദപരമായ സേവനം, ശുദ്ധമായ അന്തരീക്ഷം ഇവയെല്ലാം എന്റെ യാത്രയെ സ്മരണീയമാക്കി.
അവസാനം, പൂവാർ റിസോർട്ട് എന്നത് പ്രകൃതിയോടുള്ള അടുപ്പവും ശാന്തിയും തേടുന്ന എല്ലാവർക്കും അനുയോജ്യമായ സ്ഥലം. ഇവിടെ വന്ന് ചില ദിവസങ്ങൾ ചെലവഴിക്കുമ്പോൾ മനസ്സിൽ പുതുമയും സന്തോഷവും നിറയുമെന്ന് ഉറപ്പാണ്.

Prathyash Das
9F

## പ്രകൃതി നമ്മോട് പറയുന്നു

പുലർച്ചെയുടെ നെറ്റിയിൽ
മഞ്ഞുതുള്ളികൾ മുത്തുപോലെ,
ഉണരുന്ന പാടങ്ങൾ
പച്ചയുടെ കഥ പറയുന്നു.

കാറ്റ് പതുക്കെ നടന്ന്
ഇലകളോട് ചിരിക്കും,
പക്ഷികളുടെ പാട്ടിൽ
ആകാശം നിറയും.

നദി മൗനമായി ഒഴുകി
കാലത്തിന്റെ രഹസ്യം കാത്ത്,
മണ്ണ് അമ്മപോലെ
എല്ലാവർക്കും തണൽ നൽകും.

സൂര്യൻ അസ്തമിക്കുമ്പോൾ

ചുവന്ന ആകാശരേഖയിൽ,
പ്രകൃതി നമ്മോട് വീണ്ടും
ശാന്തമായി പറയുന്നു

ABHINAV 9F

## ഊട്ടി — പ്രകൃതി സുന്ദരിയുടെ രാജ്യം

ഊട്ടി, ഇന്ത്യയിലെ തമിഴ്നാട്ടിലെ ഒരു പ്രശസ്തമായ ഹില്ല് സ്റ്റേഷൻ ആണ്. ഇത് "ദി ക്വീൻ ഓഫ് ഹില്ല് സ്റ്റേഷൻസ്" എന്നറിയപ്പെടുന്നു. നീലകുനിഞ്ഞി മലനിരകളിൽ ആധാരമായി സ്ഥിതിചെയ്യുന്ന ഊട്ടി പ്രകൃതിയുടെ മനോഹാരിത കൊണ്ടും ശാന്തമായ കാലാവസ്ഥ കൊണ്ടും പ്രശസ്തമാണ്.

ഒറ്റിയുടെ കാലാവസ്ഥ വളരെ മനോഹരമാണ്. വാർഷികമായി തണുത്ത കാലം തുടരുന്ന ഈ പ്രദേശം, വേനലിൽ പോലും സുഖപ്രദമായ തണുത്ത കാലാവസ്ഥ നൽകുന്നു. ഇതു കൊണ്ടാണ് ആളുകൾ അവധി കഴിഞ്ഞു പോകാൻ ഏറെ ഇഷ്ടപ്പെടുന്നത്. തണുത്തതും സുഗന്ധമുള്ളതുമായ കാറ്റുകൾ ഊട്ടിയുടെ ഒരു പ്രത്യേക ആകർഷണമാണ്.

പ്രകൃതിയുടെ വൈഭവം ഇവിടെ കാണാനാകും. വൃക്ഷങ്ങൾ, പൂക്കൾ, പുഴകൾ, തടാകങ്ങൾ, വനങ്ങൾ എന്നിവയുടെ സമന്വയമാണ് ഊട്ടിയുടെ മനോഹാരിത. ഊട്ടിയിലെ പഞ്ചസാര ഫാക്ടറി, ചായ തോട്ടങ്ങൾ, വ്യത്യസ്ത വന്യജീവികൾ കാണാൻ കഴിയുന്ന വന്യജീവി സങ്കേതങ്ങൾ എന്നിവ ഈ സ്ഥലത്തെ പ്രത്യേകമാക്കുന്നു.

ഊട്ടി സന്ദർശിക്കുന്നവർക്ക് ഗാർഡൻസ്, മലനിരകൾ, തടാകങ്ങൾ, കായാക്കിങ്, ട്രെക്കിംഗ് തുടങ്ങിയ വിനോദങ്ങൾ ലഭ്യമാണ്. പ്രത്യേകിച്ച് ബോട്ടാണിക്കൽ ഗാർഡൻ, ഓട്ടു തടാകം, ഡോഡി ലേക്ക്, പീക്സി പീക്ക് തുടങ്ങിയ സ്ഥലങ്ങൾ പ്രശസ്തമാണ്.

ഊട്ടി പ്രകൃതിയെ അടുത്തു അനുഭവിക്കാൻ അനുയോജ്യമായ ഒരു സ്ഥലം കൂടിയാണ്. ഇവിടെ വരുന്നവർക്ക് പ്രകൃതിയുടെ ശാന്തിയും മനോഹാരിതയും അനുഭവിക്കാൻ നല്ല അവസരമാണ്. വിശ്രമത്തിനും വിനോദത്തിനും ഒരുപോലെ അനുയോജ്യമായ ഊട്ടി കേരളത്തിന് സമീപമുള്ള ഒരു സ്വപ്ന നഗരമാണ്.

സമാപനം

ഊട്ടി പ്രകൃതിയുടെ ഒരു മനോഹര സ്വർഗമാണ്. ശാന്തമായ കാലാവസ്ഥയും മനോഹര ദൃശ്യങ്ങളും അവിടത്തെ പ്രത്യേകതകളാണ്. ഒരിക്കൽ ഊട്ടി സന്ദർശിച്ചാൽ, അതിന്റെ സൗന്ദര്യം മനസ്സിൽ എന്നും നിൽക്കും.

ശബരീഷ്
൭G

## ജലം അമൂല്യമാണ്

ജലം നമ്മുടെ ജീവിതത്തിന് അനിവാര്യമാണ്. മനുഷ്യർ, ജീവജാലങ്ങൾ, പൂവുകളും പയ്യനകളും എല്ലാരും ജീവിക്കാൻ വെള്ളം ആവശ്യമാണ്. വെള്ളം ഇല്ലാതെ ഒരു ദിവസവും നാം ചിന്തിച്ചുകൂടാ. കുടിക്കാൻ, വേട്ടിക്കാൻ, പാചകം ചെയ്യാനു, തൊലിയാനു, വൃത്തിയാക്കാനു, കർഷകങ്ങൾക്ക് വിളകൾക്ക് വെള്ളം പ്രധാനം.

ഭൂമിയിലെ ജലം എല്ലായിടത്തും കാണാം: നദികൾ, കുളങ്ങൾ, കിണറുകൾ, മഴവെള്ളം എന്നിവയിൽ വെള്ളം ലഭ്യമാണ്. പക്ഷേ നമ്മൾ ഉപയോഗിക്കാൻ പറ്റുന്ന ശുദ്ധജലത്തിന്റെ എണ്ണം വളരെ കുറവാണ്. ഭൂമിയിലെ ഭൂരിഭാഗം ഭാഗം വെള്ളമാണ് ഉള്ളതെങ്കിലും അതിൽ മുഴുവൻ നീർ കുടിക്കാൻ വഴിമാറുന്നതല്ല.

ഇപ്പോൾ പല സ്ഥലങ്ങളിലും ജലക്ഷാമം ഉയരുന്നു. പലപ്പോഴും നമ്മൾ വെള്ളം പലതും ചെയ്യുമ്പോൾ ബൃഹത്തായ അളവിൽ വെള്ളം പാഴാക്കുന്നു. ടാപ്പ് തുറന്ന് വെച്ച് മറക്കുക, കുഴികൾ വൃത്തിയാക്കുമ്പോൾ അനാവശ്യം വെള്ളം ഒഴുകിക്കുക—ഈ രീതികൾ ഒഴിവാക്കണം. നമുക്ക് വേണ്ടത്ര വെള്ളം സംരക്ഷിക്കാനാണ് ശ്രമിക്കേണ്ടത്.

AKSHAY 9F

## കുഴിപള്ളം ബോട്ടാനിക്കൽ ഗാർഡൻ - എന്റെ യാത്ര

ഒരു ദിവസം ഞാൻ കേരളത്തിലെ മനോഹരമായ കുഴിപള്ളം ബോട്ടാനിക്കൽ ഗാർഡൻ സന്ദർശിക്കാൻ പോകാൻ തീരുമാനിച്ചു. പ്രകൃതിയെ അടുപ്പിൽ അനുഭവിക്കാനും സമൃദ്ധമായ ഫലങ്ങളും പച്ചപ്പും കാണാനും എനിക്ക് വളരെ ആകാംക്ഷയുണ്ടായിരുന്നു.
എന്തായാലും, രാവിലെ പുലർച്ചെ കാലത്ത് ഞാൻ പുറപ്പെട്ടു. പച്ചപ്പും ശുദ്ധമായ കാറ്റും സ്വീകരിച്ചപ്പോൾ already ഒരു സന്തോഷമുണ്ടായി. കുഴിപള്ളം ബോട്ടാനിക്കൽ ഗാർഡൻ ഒരു വലിയ പച്ചപ്പുള്ള സ്ഥലമാണ്. മിക്കവാറും പലവിധ തരം ചെടികളും, മരങ്ങളും, പൂക്കളും ഇവിടെ നട്ടിരിക്കുന്നതാണ്.
ഗാർഡനിൽ പ്രവേശിച്ചപ്പോൾ തന്നെ മനോഹരമായ പാതകൾ, ചെറു പുഴകൾ, പൂക്കൾ നിറഞ്ഞ വഴികൾ എന്നെ കാത്തിരുന്നു. പ്രകൃതിയുടെ സൗന്ദര്യം അതിശയകരമാണ്. പച്ചപിടിപ്പും ചൂടും നിറഞ്ഞ സാന്ദ്രമായ അന്തരീക്ഷത്തിൽ നടക്കുന്നത് മനസ്സിനെ ശാന്തിയിലാക്കുന്നു.
ഇവിടെ പലവിധം മരങ്ങൾ, തൈകൾ, ചെടികൾ എന്നിവയെ കുറിച്ചും അവയുടെ ഉപയോഗവും അറിയാൻ സാധ്യത ഉണ്ടായിരുന്നു. ബോട്ടാനിക്കൽ ഗാർഡൻ എന്നതുകൊണ്ടുതന്നെ ഈ സ്ഥലത്ത് തൈകളും ചെടികളും വൈവിധ്യമാർന്നതും അതിന്റെ ശാസ്ത്രീയ വിവരങ്ങളും കണ്ടു മനസ്സിലാക്കാൻ സാധിച്ചു.
ഗാർഡനിൽ നടപ്പായി നടന്നുകൊണ്ടിരിക്കുന്ന അൽപം സഞ്ചാരം എന്ന അനുഭവം വളരെ മനോഹരമായിരുന്നു. കുട്ടികളും മുതിർന്നവരും എല്ലാർക്കും ഈ സ്ഥലം ഏറെ ഇഷ്ടപ്പെട്ടു.
സന്ദർശനം പൂർത്തിയായ ശേഷം, എന്റെ മനസ്സിൽ പ്രകൃതിയോടുള്ള സ്നേഹം കൂടി വളർന്നു.
ശുദ്ധമായ വായു, പച്ചപ്പിൻറെ സൗന്ദര്യം, മൃദുവായ ശബ്ദങ്ങൾ എല്ലാം ഒരിക്കലും മറക്കാനാകാത്ത അനുഭവമായി മാറി.

വൈഗ
9A

## നിറങ്ങൾ — ചെറുകഥ

ഒരു ചെറു ഗ്രാമത്തിൽ റിയയും സുഹൃത്തുക്കളും കളിക്കാമാകുന്ന ഒരു വലിയ വയലുണ്ടായിരുന്നു. ഒരു ദിവസം എല്ലാവരും കളി കഴിഞ്ഞ് വീട്ടിലേക്ക് പോകുന്നത് വരെ മഴവില്ല് ആകാശത്തിൽ തെളിഞ്ഞു. ആ മഴവില്ലിലെ നിറങ്ങൾ എല്ലാം അതിമനോഹരം: ചുവപ്പ്, മഞ്ഞ, കിഴങ്ങ്, നീല, പച്ച — എല്ലാം ഒരുമിച്ചുണ്ടായ പ്രകാശം പോലെ.

റിയ പറഞ്ഞു, "പ്രകൃതി തന്നെയാണ് ഈ സുന്ദരിമായ നിറങ്ങൾ പകരുന്നത്!" അവൾ സുഹൃത്തുക്കളോട് ആ നിറങ്ങൾ ഏത് വസ്തുവിൽ കണ്ടാൽ സന്തോഷമുണ്ടാകുമെന്ന് ചോദിച്ചു. ആരും മറുപടി പറയുമ്പോൾ, എല്ലാവരും പറഞ്ഞു, *"നീല നിറം ആകാശത്തും, പച്ച നിറം പാടത്തും, ചുവപ്പ് നിറം പൂക്കളിലും!"*

അപ്പോൾ പാഠ്ശാലത്തിലേക്കുള്ള വഴിയിൽ ഒരു പഴയ ചതഞ്ഞ വീട്ടമ്മൻ ആദ്യം അവരെ നോക്കി. അവളുടെ പക്കൽ ഒരു പഴയ കൈപ്പെൻസ്ൽ ഉണ്ടായിരുന്നു. പെൻസിലിൽ പല നിറങ്ങളുള്ള കളർ ഉണ്ടായിരുന്നു. വീട്ടമ്മൺ പറഞ്ഞു, "നിറങ്ങൾ എല്ലായിടത്തുമുണ്ട് — പ്രകൃതിയിലും നമ്മുടെ ജീവിതത്തിലും. ഞങ്ങൾ കാണുന്ന ഓരോ ഭാവത്തിനും ഓരോ നിറം ഉണ്ട്."

അന്ന് മുതൽ റിയയും അവളുടെ സുഹൃത്തുക്കളും പ്രകൃതിയിലെ ഓരോ സാധാരണ വസ്തുവിലും നിറങ്ങൾ കാണാൻ പഠിച്ചു — ആ നിറങ്ങൾ ഓരോ ദിവസത്തെ പുഞ്ചിരിയാക്കി മാറ്റി.

ARON 9E

# കാഴ്ചകൾ

ഒരു ചെറുവീട്ടിലുണ്ടായിരുന്ന രവി എന്ന ബാലൻ, പ്രകൃതിയെ ഏറെ ഇഷ്ടമായിരുന്നു. അവന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം പ്രകൃതിയുടെ മനോഹര കാഴ്ചകൾ കാണാനായിരുന്നു. കുട്ടിക്കാലം മുതൽ പുലർച്ചെ എഴുന്നേറ്റ് ഇടയണഞ്ഞ മലനിരകളിൽ കാറ്റ് പിടിച്ച് തണുപ്പ് അനുഭവിക്കുകയും, പകലുകളിൽ പച്ചപ്പും പൂക്കളും കണ്ടു അതിൽ നയനാരോഗ്യം നിറച്ച് സന്തോഷം കണ്ടെത്തിയിരുന്നു.
ഒരു ദിവസം, രവി ഒരു വലിയ യാത്രക്കായി പുറപ്പെട്ടു. അവൻ കടന്നുപോയ നഗരങ്ങളിലെ കെട്ടിടങ്ങൾ, തിരക്കുകൾ, ഉയരമുള്ള ദീർഘനഗരങ്ങൾ എല്ലാം കണ്ടെങ്കിലും, അവിടെയുള്ള കാഴ്ചകൾ അവനെ ഒരിക്കലും ആഴത്തിൽ തൃപ്തിപ്പെടുത്താനായില്ല.
ഒടുവിൽ, ഒരു നിദ്രാപരമായ ഗ്രാമത്തിലേക്ക് എത്തി അവൻ ഒരു പുൽമേടത്തേക്ക് കയറുകയായിരുന്നു. അപ്പോൾ അവന്റെ കാഴ്ചകൾ മാറി. ആ പച്ചപ്പും മേഘങ്ങളും, ചെറു പുഴയും, പറക്കുന്ന പക്ഷികളും അവന്റെ മനസ്സിൽ അതുല്യമായ സന്തോഷം നിറച്ചു.
ആ സമയം രവി മനസ്സിലാക്കി, ശരിക്കും പ്രധാനമെന്നത് കാഴ്ചകളുടെ ഭംഗി അല്ല, ആ കാഴ്ചകൾ നമ്മളിൽ ഉണ്ടാക്കുന്ന ആനന്ദവും സന്തോഷവുമാണ്. കാഴ്ചകൾ മാറുമ്പോൾ ജീവിതം മാറും; പ്രകൃതിയുടെ സ്നേഹം മനസ്സിൽ പകർന്ന് കാഴ്ചകളെ നാം മാത്രം കാണാതെ അവയിൽ ആഴത്തിൽ കാണാൻ പഠിക്കണം.
അന്ന് മുതൽ രവി എല്ലാ ദിവസവും പ്രകൃതിയുടെ ഓരോ ചെറിയ കാഴ്ചകളിലും സന്തോഷം കണ്ടെത്താൻ തുടങ്ങി. ചെറിയ പുഷ്പവും, മൗനം പാലിക്കുന്ന കാറ്റും, കാഴ്ചകളിലൂടെ ജീവിതത്തിൻറെ പുതിയ അർത്ഥം മനസ്സിലാക്കി.

മുഹമ്മദ് യാസീൻ
9E

## സൃഷ്ടി

ഒരിക്കൽ ഒന്നുമില്ലാത്തിടത്തു,
നിറങ്ങളും ശബ്ദങ്ങളും ഇല്ലാതെ,
ഒരു സ്വപ്നം പൊളിഞ്ഞു –
ആദ്യ പ്രകാശം പിറന്നു.

നീലാകാശം വിരിഞ്ഞു,
ഭൂമി പകർന്നു പച്ചപൂക്കൾ,
തണൽ മരങ്ങൾ തെളിഞ്ഞു,
പുഴകൾ മിന്നും വെള്ളത്തിലായ് ഒഴുകി.

ആകാശത്ത് സൂര്യനാൾ –
ഒരുവഴി പ്രകാശം വിതറി,
ചന്ദിരൻ രാത്രി പാട്ട് പോലെ
പർവ്വതങ്ങൾ മൃദുവായി മറഞ്ഞു.

ഇലകളിൽ കിളികളുടെ വരികൾ,
മണ്ണിന്റെ ഗന്ധം – ജീവിച്ചുള്ള കാഴ്ച,
എല്ലാവരും ഒന്നാകെ ചേർന്നീ
ഏകദിനം സൃഷ്ടിയുടെ നൃത്തം!

സൃഷ്ടി – ഞാൻ, നീയും, നാം തന്നേ,
അറിഞ്ഞാലോ അത്ഭുതം മാത്രം.
പ്രകൃതിയുടെ ഒരു താളിൽ
ഇരിക്കുന്നു ഈ ലോകം

ANAKHA 9E

## കിളിയെ

പാറിപ്പാറി പറന്നുചാടി,
പച്ചയിലകളിൽ കിളി,
ചെറിയ ചുണ്ടിൽ മധുര പാടി,
മനസ്സിൽ നിറയുന്ന കിളി.

പക്ഷികളുടെ കൊച്ചു രാജകുമാരി,
പുഴ്ഷ ചിറകിൽ മിന്നും മിന്നൽ,
വൈകുന്നേരം തണുത്ത കാറ്റിൽ,
സുന്ദര സ്വരം കൊണ്ട് പാടി.

തണുത്ത കാലാവസ്ഥയിൽ ചുംബനം തരാൻ,
പച്ചക്കാടുകൾക്കായ് തുളസിക്കായ്,
ജീവിതം പകർന്ന് കുഞ്ഞുമുല്ല പോലെ,
നന്മയുടെ ശബ്ദം പകർന്നു കിളി.

ചിറകുകളുടെ മിഴിവിൽ നൃത്തം,
നിറങ്ങൾ നിറഞ്ഞ ചെറുപാട്ടുകൾ,
പക്ഷി കാഴ്ചയിൽ സന്തോഷം,
ഹൃദയം നിറയ്ക്കും കിളി.

Abhijith
8A

# സുന്ദരം

പുലരിയുടെ ആദ്യ കിരണം
തണുത്ത മേഘങ്ങളെ പൊക്കിയപ്പോൾ,
ചടങ്ങില്ലാതെ ചിരിച്ചുവന്ന വെളിച്ചം —
എന്ത് സുന്ദരം!

പച്ചപ്പുല്ലിന്റെ വെളിച്ചത്തിൽ
തേനും മണ്ണിന്റെ മണവും ചേർന്നപ്പോൾ,
ഏകാന്തമായി നെഞ്ചിൽ വീണൊരു സംഗീതം —
അതുമാണ് സുന്ദരം!
കാറ്റ് വിരിഞ്ഞ ഇലകളിൽ
നദിയുടെ സാഹരി പോലെ ഒഴുകുമ്പോൾ,
ഹൃദയത്തിലൊരു കനിഞ്ഞു ഖനനം —
സുന്ദരം തന്നെ!
കാറ്റ് വിരിഞ്ഞ ഇലകളിൽ
നദിയുടെ സാഹരി പോലെ ഒഴുകുമ്പോൾ,
ഹൃദയത്തിലൊരു കനിഞ്ഞു ഖനനം —
സുന്ദരം തന്നെ!

IVVANA 9E

# ഒരു ലിറ്റിൽ കൈറ്റ്സ് അവതരണം